ഉത്തരം

(എ) വിമാനത്താവള വികസനത്തിനു വേണ്ടി എടുക്കുന്ന 27 ഏക്കർ സ്ഥലത്തിന്റെ ഫീൽഡ് സർവ്വേ ജോലികൾ പൂർത്തിയായിട്ടുണ്ട്. ഒന്നാമത്തെ ബ്ലോക്കിന്റെ കരടു വിജ്ഞാപനം അന്തിമ ഘട്ടത്തിലാണ്. മറ്റു ബ്ലോക്കുകളുടെ സബ് ഡിവിഷൻ റിക്കാർഡ്സ് സർവ്വേ ആന്റ് ലാന്റ് റിക്കാർഡ്സ് സൂപ്രണ്ടിന്റെ പരിശോധനയിലാണ്.

(ബി)&(സി) സ്ഥലമെടുക്കുന്നതിനും, മരം മുറിക്കുന്നതിനും സഹായകരമായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിൽ എയർപോർട്ട് ഡയറക്ടർ, ജില്ലാ കളക്ടർ, ജില്ലാ കൃഷി ഓഫീസർ അഥവാ അദ്ദേഹത്തിന്റെ പ്രതിനിധി എന്നിവർ അംഗങ്ങളാണ്. ആദ്യയോഗം 12.7.99 ൽ കൂടി. ഇതിൽ മരം മുറിക്കുന്നതിനുള്ള അന്തിമ തീരുമാനം എടുത്തിട്ടുണ്ട്. ഇതു കൂടാതെ, ബഹു: സ്പീക്കറുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തി കൂടെക്കൂടെ യോഗം ചേർന്ന് വിമാനത്താവള വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല യോഗം 28.7.99-ന് ഇക്കാര്യം ചർച്ച ചെയ്യാൻ കൂടുന്നുണ്ട്.

ഗവേഷണ സ്ഥാപനങ്ങളിലെ ശമ്പള പരിഷ്ക്കരണം

22 (2951)ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ അഞ്ചാം ശമ്പള കമ്മീഷൻ റിപ്പോർട്ടു പ്രകാരം ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള ഗവേഷണസ്ഥാപനങ്ങളിൽ ശമ്പളം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഈ ഗവേഷണ സ്ഥാപനങ്ങളിൽ ഏതെല്ലാം ജീവനക്കാർക്ക് ട്രാൻസ്പോർട്ട് അലവൻസ് നൽകുന്നുണ്ട്;

(സി) ഏതെല്ലാം ഗവേഷണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കാണ് ട്രാൻസ്പോർട്ട് അലവൻസ് നൽകാത്തത്;

(ഡി) ഇവർക്ക് ട്രാൻസ്പോർട്ട് അലവൻസ് നൽകാത്തത് എന്തു കൊണ്ടാണെന്ന് വിശദീകരിക്കാമോ;

(ഇ) ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഇക്കാര്യത്തിൽ പരാതി ലഭിച്ചിട്ടുണ്ടോ;

(എഫ്) പരാതിയിന്മേൽ എന്തു നടപടിയെടുത്തു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിൽ എല്ലാ ജീവനക്കാർക്കും, ഭൂതലപഠന കേന്ദ്രത്തിൽ സി.എസ്.ഐ.ആർ നിരക്കിൽ ശമ്പളം ലഭിക്കുന്ന ശാസ്ത്ര സാങ്കേതിക വിഭാഗം ജീവനക്കാർക്കും ട്രാൻസ്പോർട്ട് അലവൻസ് നൽകുന്നുണ്ട്.

(സി) ജലവിഭവ വികസന ഗവേഷണ കേന്ദ്രം, കേരള വന ഗവേഷണ കേന്ദ്രം, അനെർട്ട്, ട്രോപിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളിൽ ട്രാൻസ്പോർട്ട് അലവൻസ് നൽകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ദേശീയ ഗതാഗത ആസൂത്രണ ഗവേഷണകേന്ദ്രത്തിലെ ജീവനക്കാർക്ക് 1400/- രൂപയോ അതിൽ കൂടുതലോ അടിസ്ഥാന ശമ്പളമുള്ളവരും സ്വന്തമായി വാഹന മുള്ളവരുമായ ജീവനക്കാർക്ക് സ്കൂട്ടറിന് 75/- രൂപയും കാറിന് 200/- രൂപയും പ്രതിമാസം കൺവേയൻസ് അലവൻസ് നൽകുന്നുണ്ട്.

(ഡി) സ്റ്റാഫ് ക്വാർട്ടേഴ്സും, സൗജന്യ വാഹനസൗകര്യവും ഉള്ള തുകൊണ്ട് ട്രാൻസ്പോർട്ട് 'അലവൻസ്' നൽകുന്നില്ല. എന്നാൽ ദേശീയ ഗതാ ഗത ആസൂത്രണ ഗവേഷണ കേന്ദ്രത്തിന് സാമ്പത്തിക ബുദ്ധിമുട്ട് കാരണം ട്രാൻസ്പോർട്ട് അലവൻസ് നല്കുവാൻ നിർവാഹമില്ല.

(ഇ) ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം, അനെർട്ട് എന്നിവിടങ്ങളിലെ ജീവനക്കാരിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്.

(എഫ്)ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രത്തിൽ സാമ്പ ത്തിക ബുദ്ധിമുട്ടുകാരണം ട്രാൻസ്പോർട്ട് അലവൻസ് നൽകുവാൻ നിർവാ ഹമില്ലെന്ന് തീരുമാനിക്കുകയും, അനെർട്ടിൽ പരാതി പരിശോധിച്ചു വരുകയു മാണ്.

പരിസ്ഥിതി വകുപ്പ് രൂപീകരണം

23 (2952) ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതി വകുപ്പ് രൂപീകരിക്കുവാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വകുപ്പുകളിൽപ്പെട്ട ഏതെല്ലാം വിഷയങ്ങ ളാണ് ഈ വകുപ്പിൽ കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പരിസ്ഥിതി വകുപ്പ് രൂപീകരണം സംബന്ധിച്ച് കേന്ദ്ര സർക്കാ രിന്റെ നിർദ്ദേശങ്ങൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്ത് ഇപ്പോൾ തന്നെ ശാസ്ത്ര സാങ്കേതിക പരി സ്ഥിതി വകുപ്പ് നിലവിലുണ്ട്. പരിസ്ഥിതിക്ക് പ്രത്യേകം വകുപ്പ് രൂപീകരിക്കുന്ന നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ബൊട്ടാണിക്കൽ ഗാർഡനിൽ നടത്തുന്ന ഗവേഷണങ്ങൾ

24 (2953)ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ബൊട്ടാണിക്കൽ ഗാർഡനിൽ ഏതെങ്കിലും ചെടികളിൽ വിദേശികളും സ്വദേശികളും ചേർന്ന് എന്തെങ്കിലും ഗവേഷണ ങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ദേശജാതി സസ്യങ്ങളിലാണ് ഗവേഷണം നടത്തിയതെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly